## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5556 04.07.2013-ലെ മറുപടിക്ക്

## നിർമ്മാണത്തൊഴിലാളി ക്ഷേമനിധി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) നിർമ്മാണത്തൊഴിലാളി ക്ഷേമ നിധിയിൽ നിന്നും എന്തെല്ലാം ആനുകൂല്യങ്ങളാണ് അംഗ ങ്ങൾക്കും കുടുംബങ്ങൾക്കും നല്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, സാന്ത്വന ധനസഹായം, സാധാരണ രോഗ ചികിത്സാ ധനസഹായം, മാരകരോഗ ചികിത്സാ ധനസഹായം, അപകട ചികിത്സാ ധനസഹായം, അപകടത്തെ തുടർന്ന് അവശത സംഭവിച്ചാലുള്ള ധനസഹായം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, മരണാനന്തര ധനസഹായം, അപകട മരണ ധനസഹായം, മരണാന്തര ചെലവിന് ധനസഹായം, എസ്.എസ്.എൽ.സി. പഠന സഹായം, ക്യാഷ് അവാർഡ്, ഉന്നതവിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം, മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ് ധനസഹായം, ഉപകരണങ്ങൾ വാങ്ങുന്നതിന് വായ്പ, ഭവന നിർമ്മാണ വായ്പ, റീഫണ്ട്, ഗ്രാറ്റുവിറ്റി. |
| (ബി) ഓരോ ആനുകൂല്യങ്ങളും എത്ര തുക വീതമാണ് അനുവദി ക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) പെൻഷൻ - പ്രതിമാസം ഏറ്റവും കുറഞ്ഞത് 400/- രൂപയും, പരമാവധി 600/- രൂപയും സർവ്വീസിന്റെ അടിസ്ഥാനത്തിൽ നൽകുന്നു.<br>കുടുംബപെൻഷൻ - പ്രതിമാസം ഏറ്റവും കുറഞ്ഞത് 200/- രൂപയും, പരമാവധി 300/- രൂപയും മരണമടഞ്ഞ തൊഴിലാളിയുടെ സർവ്വീസ് ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ നൽകുന്നു.<br>അവശതാ പെൻഷൻ - പ്രതിമാസം 400/- രൂപ നിരക്കിൽ നൽകുന്നു. |

സാന്ത്വന ധനസഹായം - പ്രതിമാസം 400/- രൂപ നിരക്കിൽ നൽകുന്നു.
സാധാരണ രോഗ ചികിത്സാ ധനസഹായം - പരാമാവധി 5000/- രൂപ വരെ നൽകുന്നു.
മാരകരോഗ ചികിത്സാ ധനസഹായം പരമാവധി 20000/- രൂപ വരെ നൽകുന്നു.
അപകട ചികിത്സാ ധനസഹായം പരമാവധി 20000/- രൂപ വരെ നൽകുന്നു.
അപകടത്തെ തുടർന്ന് അവശത സംഭവിച്ചാലുള്ള ധനസഹായം - അവശതയുടെ ശതമാനത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഒരു ലക്ഷം രൂപ നൽകുന്നു.
വിവാഹ ധനസഹായം - പുരുഷ തൊഴിലാളികൾക്ക് 2500/- രൂപയും, സ്ത്രീ തൊഴിലാളികൾക്ക് 3000/- രൂപയും നൽകുന്നു.
പ്രസവ ധനസഹായം - 27/03/2012 നുശേഷമുള്ള പ്രസവങ്ങൾക്ക് 15000/- രൂപ നൽകുന്നു.
മരണാനന്തര ധനസഹായം - പരമാവധി 15000/- രൂപ നൽകി വരുന്നു.
അപകടമരണ ധനസഹായം - പരമാവധി 2 ലക്ഷം രൂപ വരെ നൽകുന്നു.
മരണാനന്തര ചെലവിന് ധനസഹായം പരമാവധി 2000/- രൂപ വരെ നൽകുന്നു.
എസ്.എസ്.എൽ.സി പഠന സഹായം - 400/- രൂപ വരെ നൽകുന്നു.
ക്യാഷ് അവാർഡ് - പരമാവധി 10000/- രൂപ വരെ നൽകുന്നു.
ഉന്നത വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം - 750/- രൂപ മുതൽ പരമാവധി 3000/- രൂപ വരെ നൽകുന്നു.
മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ് ധനസഹായം - പരമാവധി 5000/- രൂപ വരെ നൽകുന്നു.
ഉപകരണങ്ങൾ വാങ്ങുന്നതിന് വായ്പ - പരമാവധി 10000/- രൂപ വരെ നൽകുന്നു.

| | |
|---|---|
| | ഭവന നിർമ്മാണ വായ്പ - പരമാവധി 50000/- രൂപ നൽകുന്നു.<br>റീഫണ്ട് - തൊഴിലാളി നിക്ഷേപിച്ച തുകയ്ക്ക് ആനുപാതികമായ തുക റീഫണ്ടായി നൽകുന്നു.<br>ഗ്രാറ്റുവിറ്റി - തൊഴിലാളിയുടെ സർവ്വീസ് ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാറ്റുവിറ്റി നൽകുന്നു. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഈ ആനുകൂല്യങ്ങൾ വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ, വിശദാം ശങ്ങൾ നൽകുമോ? | (സി) ഉണ്ട്. പ്രസവാനുകൂല്യം 3000/- രൂപയിൽ നിന്ന് 15000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ